# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 254 04.02.2013-ൽ മറുപടി**

**<u>പോലീസ് കേസുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഇ. പി. ജയരാജൻ<br>ശ്രീ പുരുഷൻ കടലുണ്ടി<br>ശ്രീ കെ. വി. വിജയദാസ്<br>ശ്രീ ബി. ഡി. ദേവസ്സി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച കേസുകളിൽ, അന്വേഷണ ഉദ്യോഗസ്ഥനും പബ്ലിക് പ്രോസിക്യൂട്ടറും സാക്ഷികളെ മൊഴി പഠിപ്പിക്കേണ്ടി വരുന്നത് എന്തു കൊണ്ടാണ് ; ഇത് നിയമാനുസൃതമാണോ ; ഇതു സംബന്ധിച്ച നിയമ വ്യവസ്ഥകൾ വിശദമാക്കാമോ ; | (എ) അന്വേഷണ ഉദ്യോഗസ്ഥനും പബ്ലിക് പ്രോസിക്യൂട്ടറും സാക്ഷികളെ മൊഴി പഠിപ്പിക്കാറില്ല. |
| ബി) ടി. പി. ചന്ദ്രശേഖരൻ വധക്കേസ് വിചാരണ ആരംഭിക്കുന്നതിന് മുൻപായി കുറ്റപത്രത്തിൽ പോലീസ് എടുത്ത നിലപാടിനനുസരിച്ച് സാക്ഷികളെ കള്ള മൊഴി പഠിപ്പിക്കാനായി അന്വേഷണ ഉദ്യോഗസ്ഥനും പബ്ലിക് പ്രോസിക്യൂട്ടറും ഏതാനും സാക്ഷികളും സംഭവ സ്ഥലത്തെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥരായ ഡി.വൈ.എസ്.പി ശ്രീ. കെ. വി. സന്തോഷ്, ശ്രീ. ജോസി ചെറിയാൻ, അഡീഷണൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. കെ. കുമാരൻ കുട്ടി എന്നിവർ സംഭവസ്ഥലമായ വള്ളിക്കാട്ട് സന്ദർശിച്ചിട്ടുണ്ട്. സാക്ഷികളെ സംഭവ <u>സ്ഥലത്തു</u> പോവുകയോ എത്തിക്കുകയോ ചെയ്തിട്ടില്ല. |
| സി) ഇത് ചിത്രീകരിക്കാൻ ശ്രമിച്ചയാളിന്റെ മൊബൈൽ ഫോൺ പോലീസ് തട്ടിയെടുക്കുകയുണ്ടായോ ; | (സി) ഇല്ല. |
| ഡി) പ്രസ്തുത ഫോൺ കണ്ടെത്തുന്നതിന് വടകര ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുകയുണ്ടായോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ? | (ഡി) ബഹു. വടകര ഒന്നാ ക്ലാസ് മജിസ്ട്രേട്ടിന്റെ 09.01.2013- ലെ സെർച്ച് വാറണ്ട് പ്രകാരം കോഴിക്കോട് റൂറൽ ഭരണ വിഭാഗം ഡി.വൈ.എസ്.പി, വടകര ഡി.വൈ.എസ്.പി. ശ്രീ ജോസി ചെറിയാന്റെ ഓഫീസിലും ഔദ്യോഗിക വസതിയിലും 09.01.2013- ൽ തന്നെ സർച്ച് നടത്തിയിട്ടുള്ളതാണ്. പ്രസ്തുത സർച്ചിൽ മൊബൈൽ ഫോൺ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും ആയത് സംബന്ധിച്ച റിപ്പോർട്ട് ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ